# കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2010

## നിയമാവലി

(1) ഈ ചട്ടങ്ങൾ കേരള സംസ്ഥാന മലയാള പ്രൊഫഷണൽ നാടകങ്ങൾക്കായുള്ള അവാർഡ് ചട്ടങ്ങൾ എന്ന പേരിൽ അറിയപ്പെടും.

(2) കലാമേന്മയും സാങ്കേതികമേന്മയുമുള്ളവയും വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായി ഉന്നത നിലവാരം പുലർത്തുന്നവയുമായ പ്രൊഫഷണൽ നാടകങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് ഈ അവാർഡുകളുടെ ലക്ഷ്യം.

(3) ഈ ചട്ടങ്ങളനുസരിച്ച് നൽകുന്ന അവാർഡുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഏറ്റവും മികച്ച നാടകാവതരണത്തിന് നാടകസംഘം മാനേജർക്കോ സെക്രട്ടറിക്കോ ശിൽപവും പ്രശംസാപത്രവും 30,000 രൂപയും.

മികച്ച നാടകത്തിന്റെ സംവിധായകന് ശിൽപവും പ്രശംസാപത്രവും 10,000 രൂപയും.

മികച്ച രണ്ടാമത്തെ നാടകാവതരണത്തിന് നാടകസംഘം മാനേജർക്കോ സെക്രട്ടറിക്കോ ശിൽപവും പ്രശംസാപത്രവും 20,000 രൂപയും.

ഏറ്റവും മികച്ച സംവിധായകന് ശിൽപവും പ്രശംസാപത്രവും 15,000 രൂപയും.

ഏറ്റവും മികച്ച നടന് ശിൽപവും പ്രശംസാപത്രവും 12,000 രൂപയും.

ഏറ്റവും മികച്ച നടിക്ക് ശിൽപവും പ്രശംസാപത്രവും 12,000 രൂപയും.

മികച്ച രണ്ടാമത്തെ നടന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

മികച്ച രണ്ടാമത്തെ നടിക്ക് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച നാടകകൃത്തിന് ശിൽപവും പ്രശംസാപത്രവും 15,000 രൂപയും.

ഏറ്റവും മികച്ച രണ്ടാമത്തെ നാടകകൃത്തിന് ശിൽപവും പ്രശംസാപത്രവും 10,000 രൂപയും.

ഏറ്റവും മികച്ച ഹാസ്യനടന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച ഗായകന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച ഗായികക്ക് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച സംഗീത സംവിധായകന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച ഗാനരചയിതാവിന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച പശ്ചാത്തല സംഗീത സംവിധായകന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച രംഗപട സംവിധായകന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച ദീപവിതാനത്തിന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

ഏറ്റവും മികച്ച വേഷവിധാനം/ചമയത്തിന് ശിൽപവും പ്രശംസാപത്രവും 7,500 രൂപയും.

നാടകരചനയേയോ നാടകാവതരണത്തേയോ സംബന്ധിച്ച് ഏറ്റവും മികച്ച ഗ്രന്ഥത്തിന് ശിൽപവും പ്രശംസാപത്രവും 20,000 രൂപയും.

മലയാള നാടകവേദിയുടെ വളർച്ചക്ക് സമഗ്ര സംഭാവന നൽകിയ വ്യക്തിക്ക് ശിൽപവും പ്രശംസാപത്രവും 30,000 രൂപയും.

## വിശദീകരണക്കുറിപ്പ് :

ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സെക്രട്ടറി, മാനേജർ, സംവിധായകൻ, നടൻ, നടി, നാടകകൃത്ത്, ഗായകൻ, ഗായിക, സംഗീത സംവിധായകൻ, ഗാനരചയിതാവ് എന്നീ സംജ്ഞകൾ അപേക്ഷകൻ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടു സമർപ്പിച്ച പ്രവേശന ഫോറത്തിലുള്ള അതേ സംജ്ഞകളെ പരാമർശിക്കുന്നതായി കണക്കാക്കപ്പെടും.

(1) കേരള സംഗീത നാടക അക്കാദമിയുടെ വിജ്ഞാപനത്തിൽ പറയുന്ന തീയതിക്ക് അക്കാദമി സെക്രട്ടറി വർഷംതോറും അവാർഡിന് അപേക്ഷ ക്ഷണിക്കുന്നതാണ്.

(2) കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരമുള്ള പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് മാത്രമേ അപേക്ഷ നൽകുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

...2.

(3) 2010 ജനുവരി ഒന്നിനും ഡിസംബർ 31 നും മദ്ധ്യേ ആദ്യമായി അവതരിപ്പിച്ചിട്ടുള്ള നാടകമാണെന്ന് തെളിയിക്കുന്നതിന് ആവശ്യമായ സാക്ഷ്യപത്രങ്ങളും രേഖകളും ഉള്ള നാടകസംഘങ്ങൾക്കു മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(4) ഒരു നാടകസംഘത്തിന്റെ ഒരു നാടകം മാത്രമേ മൽസരത്തിന് പരിഗണിക്കുകയുള്ളൂ.

(5) അപേക്ഷയോടൊപ്പം നാടകത്തിന്റെ സ്ക്രിപ്റ്റ് അഞ്ച് പ്രതി കേരള സംഗീത നാടക അക്കാദമിക്ക് അയയ്ക്കേണ്ടതാണ്. ഇപ്രകാരം നൽകുന്ന സ്ക്രിപ്റ്റിൽ പിന്നീട് മാറ്റം അനുവദിക്കുന്നതല്ല. അവതരണത്തിൽ സ്ക്രിപ്റ്റിൽ മാറ്റം ഉണ്ടായതായി കണ്ടാൽ പ്രസ്തുത നാടകസംഘം അവതരണച്ചെലവുകൾക്ക് അർഹമല്ലാതായിത്തീരുന്നതാണ്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ അക്കാദമിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടി നടീനടൻമാർക്കോ സാങ്കേതിക വിദഗ്ദ്ധർക്കോ മാറ്റം വരുത്താവുന്നതാണ്. സ്ക്രിപ്റ്റ് തിരികെ ലഭിക്കുന്നതല്ല.

(6) കൃതി പ്രൊഫഷണൽ നാടകമായി അവതരിപ്പിക്കാനനുമതി നൽകിക്കൊണ്ടുള്ള നാടകകൃത്തിന്റെ സാക്ഷ്യ പത്രം അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കണം.

(7) അവാർഡുകൾക്ക് അപേക്ഷിക്കുന്നതിന് ഒരു നാടക സംഘം അർഹമാണോ എന്ന കാര്യത്തിനും 2010 ജനുവരി ഒന്നിനും ഡിസംബർ 31 നും മദ്ധ്യേയാണോ നാടകം അവതരിപ്പിച്ചത് എന്ന കാര്യത്തിനും അക്കാദമിയുടെ തീരുമാനം അന്തിമമായിരിക്കും.

(8) അവാർഡ് നിർണ്ണയത്തെ സ്വാധീനം ചെയ്യാൻ എതെങ്കിലും പ്രകാരത്തിൽ നടത്തുന്ന പരിശ്രമം അപേക്ഷയെ അസാധുവാക്കുന്നതും അവാർഡിന് അയോഗ്യമാക്കുന്നതുമായിരിക്കും.

(9) യഥാർത്ഥ പ്രൊഫഷണൽ നാടകങ്ങൾക്ക് സാക്ഷ്യപത്രം നൽകുവാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി സെക്രട്ടറിക്ക് ആയിരിക്കും.

(1) അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന നാടകങ്ങളുടെ സ്ക്രിപ്റ്റ് പരിശോധിച്ച് അവതരണ യോഗ്യമായ നാടകങ്ങൾ തെരഞ്ഞെടുക്കുന്നതിനും പ്രസ്തുത നാടകങ്ങളുടെ അവതരണം വീക്ഷിച്ച് അവാർഡുകൾ നിർണ്ണയിക്കുന്നതിനും ചെയർമാനടക്കം അഞ്ചുപേരുൾക്കൊള്ളുന്ന ഒരു ജഡ്ജിംഗ് കമ്മറ്റിയെ നിയോഗിക്കാവുന്നതാണ്.

(2) ചെയർമാനടക്കമുള്ള നാല് അംഗങ്ങളെ നാടകരംഗത്ത് പ്രവർത്തിക്കുന്നവരോ മറ്റ് സുകുമാരകലകളിൽ പ്രാവീണ്യം ഉള്ളവരോ ആയ പ്രഗത്ഭവ്യക്തികളിൽ നിന്നും അക്കാദമി നാമനിർദ്ദേശം ചെയ്യുന്നതാണ്. കേരള സംഗീതനാടക അക്കാദമി സെക്രട്ടറിയോ അക്കാദമി നിർവ്വാഹകസമിതിയിലെ ഒരംഗമോ ആയിരിക്കും കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി.

(3) കമ്മിറ്റിയുടെ രണ്ടോ അതിലധികമോ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ചെയർമാന് അസൗകര്യമുള്ളപക്ഷം ഒരു താൽക്കാലിക ചെയർമാനെ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

(4) മൊത്തം അംഗങ്ങളുടെ പകുതിയിലധികമായിരിക്കും ജഡ്ജിംഗ് കമ്മിറ്റിയുടെ കോറം.

(5) നാടക അവാർഡിനായി അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളുമായി എതെങ്കിലും തരത്തിൽ പങ്കാളിത്തമോ ബന്ധമോ ഉള്ള ഒരു വ്യക്തിക്കും ജഡ്ജിംഗ് കമ്മിറ്റിയിൽ അംഗമാകാൻ പാടില്ല.

(6) ജഡ്ജിംഗ് കമ്മിറ്റിയുടെ ശുപാർശകൾ അക്കാദമിക്കു സമർപ്പിക്കുന്നതും ആ ശുപാർശകളുടെ അടിസ്ഥാനത്തിൽ അക്കാദമി, അവാർഡുകൾ തീരുമാനിക്കുന്നതുമാണ്.

(7) ഏതെങ്കിലും വിഭാഗത്തിന് അർഹതയില്ലെന്ന് തോന്നുകയാണെങ്കിൽ ആ അവാർഡ് നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്യാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് വിവേചനാധികാരമുണ്ടായിരിക്കും.

(8) ഈ ചട്ടങ്ങളുടെ വ്യാഖ്യാനവും നാടക അവാർഡുകളും സംബന്ധിച്ച് കേരള സംഗീത നാടക അക്കാദമിയുടെ തീരുമാനം അന്തിമമായിരിക്കും. ഈ തീരുമാനങ്ങൾക്കെതിരെ അപ്പീൽ ഉണ്ടായിരിക്കുകയില്ല.

(9) മലയാള പ്രൊഫഷണൽ നാടകങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന അവാർഡു മത്സരത്തിൽ പങ്കെടുക്കുന്ന ഏതൊരു വ്യക്തിയും ഈ ചട്ടങ്ങൾ അംഗീകരിക്കുന്നതായി കരുതപ്പെടും.

(10) അവാർഡിനെ സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരം ഉണ്ടാവുകയാണെങ്കിൽ അതിന്റെ പരിധി തൃശൂരായിരിക്കും.

(11) നാടകകൃതികൾ പരിശോധിച്ചിട്ടാവും മത്സരത്തിനുളള നാടകങ്ങൾ തെരഞ്ഞെടുക്കുക. നാടകങ്ങളുടെ സെലക്ഷനെപ്പറ്റിയോ അവാർഡ് നിർണ്ണയത്തെപ്പറ്റിയോ ആക്ഷേപമുളള സമിതികളോ വ്യക്തികളോ അക്കാദമിയുടേയോ ജഡ്ജിംഗ് കമ്മിറ്റി അംഗങ്ങളുടെയോ സൽപ്പേരിന് കളങ്കം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ അതിനെതിരെ നടപടിയെടുക്കാൻ അക്കാദമിക്ക് അധികാരമുണ്ടായിരിക്കും. ടി കാര്യത്തിൽ അക്കാദമി നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

(12) (1) ജഡ്ജിമാർക്ക് നാടകങ്ങളുടെ മേന്മ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ തയ്യാറാക്കുന്നതിന് അനുയോജ്യമായ തിയറ്ററിൽ നാടകം അവതരിപ്പിക്കാനുള്ള ഏർപ്പാടുകൾ കേരള സംഗീത നാടക അക്കാദമി ചെയ്യുന്നതാണ്. ജഡ്ജിംഗ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുന്ന നാടകങ്ങൾ ടിക്കറ്റുമൂലം പ്രവേശനം നൽകുന്ന ഒരു നാടകോത്സവമായി സംഘടിപ്പിക്കുവാൻ അക്കാദമിക്ക് അധികാരം ഉണ്ടായിരിക്കും. ഈ നടപടിക്രമങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കുവാൻ അവാർഡുമത്സരങ്ങളിൽ പങ്കെടുക്കുന്ന നാടകസംഘങ്ങൾക്ക് യാതൊരു അവകാശവുമുണ്ടായിരിക്കുകയില്ല.

(2) സ്വന്തം ചെലവിൽ നിശ്ചിതതീയതിക്കും സമയത്തിനും നാടകം അവതരിപ്പിക്കേണ്ട ഉത്തരവാദിത്തം നാടകസംഘങ്ങളുടേതായിരിക്കും. ഇതിൽ വീഴ്ച വരുത്തുന്നതുമൂലം അക്കാദമിക്കുണ്ടാകുന്ന നഷ്ടത്തിന് നാടകസംഘം സെക്രട്ടറി/മാനേജർ ഉത്തരവാദിയായിരിക്കും.

(3) ഏത് നഗരത്തിൽവച്ച് നാടകാവതരണം നടത്തുന്നുവോ ആ നഗരാതിർത്തിയിൽ നിന്നുള്ള നാടകസംഘങ്ങൾക്ക് 5,000 രൂപ അവതരണച്ചെലവും പ്രസ്തുത നഗരത്തിനു പുറമെ നിന്നുള്ള സംഘങ്ങൾക്ക് അവതരണ ചെലവായ 5,000 രൂപക്കു പുറമെ കിലോമീറ്റർ ഒന്നിന് 10 രൂപാ നിരക്കിൽ യാത്രാചെലവും കൂടി നൽകുന്നതാണ്.

(4) സാധാരണ സ്റ്റേജ് ലൈറ്റുകളും മൈക്ക് സെറ്റും കർട്ടനുകളും തിയറ്ററിൽ ഉണ്ടായിരിക്കും. എന്നാൽ പ്രത്യേക ലൈറ്റുകളും മൈക്കും കൂടുതൽ കർട്ടനുകളും ആവശ്യമാണെങ്കിൽ അതതു നാടകസംഘങ്ങൾ തന്നെ അവ കൊണ്ടുവരേണ്ടതാണ്.

(13) (1) നാടകഗ്രന്ഥത്തിനുള്ള അവാർഡിനു പരിഗണിക്കാൻ ഗ്രന്ഥകാരനോ പ്രസാധകനോ ഗ്രന്ഥത്തിന്റ 4 കോപ്പികൾ അയക്കേണ്ടതാണ്.

(2) ഗ്രന്ഥകാരന്റെ ലഘുജീവിത ചരിത്രക്കുറിപ്പും ഫോട്ടോയുടെ രണ്ടു പ്രതികളും അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.

(3) 2008,2009,2010 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച നാടകസംബന്ധിയായ പുസ്തകങ്ങൾ അവാർഡിന് പരിഗണിക്കുന്നതായിരിക്കും.

(14) നാടകരചനയേയോ നാടകാവതരണത്തേയോ കുറിച്ചുള്ള ഏറ്റവും നല്ല ഗ്രന്ഥം തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഒരു പ്രത്യേക മൂന്നംഗ കമ്മിറ്റി രൂപീകരിക്കും. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയോ അക്കാദമി നിർവ്വാഹകസമിതി/ജനറൽ കൗൺസിൽ അംഗമോ ആയിരിക്കും പ്രസ്തുത കമ്മിറ്റിയിലെ മെമ്പർ സെക്രട്ടറി. ചെയർമാൻ ഉൾപ്പെടെയുള്ള മറ്റു രണ്ടു അംഗങ്ങളേയും നാടകവേദിയുമായോ മറ്റു സാഹിത്യ കലാമേഖലകളുമായോ ബന്ധമുള്ള പ്രഗത്ഭ വ്യക്തികളിൽനിന്ന് അക്കാദമി നാമനിർദ്ദേശം ചെയ്യുന്നതാണ്.

(15) (1) കേരള സംഗീത നാടക അക്കാദമി തീരുമാനിക്കുന്ന സ്ഥലത്തും സമയത്തും തീയതിക്കും സംഘടിപ്പിക്കുന്ന ഒരു ചടങ്ങിൽ വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും.

(2) പ്രസ്തുത ചടങ്ങിൽ നേരിട്ടോ അല്ലെങ്കിൽ അവാർഡുദാന ചടങ്ങിനുശേഷം അക്കാദമി സെക്രട്ടറിയിൽ നിന്നോ ജേതാക്കൾക്ക് അവാർഡ് സ്വീകരിക്കാവുന്നതാണ്.

(3) ഏറ്റവും മികച്ച നാടകാവതരണത്തിന് അവാർഡു ലഭിച്ച നാടകം അവാർഡുദാന ചടങ്ങിൽ അവതരിപ്പിക്കേണ്ടതാണ്. ഇതിലേക്ക് പ്രത്യേകമായി 5000 രൂപയും ചട്ടം 12ലെ ഉപചട്ടം (3) വിധേയമായി യാത്രാ ചെലവും നൽകുന്നതാണ്.

## കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2010

### അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | അപേക്ഷ നൽകുന്ന നാടകസംഘത്തിന്റെ പേരും വിലാസവും ഫോൺ നമ്പരും. | |
| 2. | നാടകത്തിന്റെ/ ഗ്രന്ഥത്തിന്റെ പേര്. | |
| 3. | നാടകസംഘം മാനേജരുടെ/സെക്രട്ടറിയുടെ പേരും വിലാസവും | |
| 4. | സംവിധായകന്റെ/ ഗ്രന്ഥപ്രസാധകന്റെ പേരും വിലാസവും | |
| 5. | നടന്മാരുടെ പേരും വിലാസവും അവതരിപ്പിക്കുന്ന കഥാപാത്രങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങളും (ആവശ്യമുള്ള പക്ഷം ഇതിലേക്ക് പ്രത്യേകം വെള്ളക്കടലാസ് ഉപയോഗിക്കാവുന്നതാണ്.) | |
| 6. | നാടകകൃത്തിന്റെ/ ഗ്രന്ഥകാരന്റെ പേരും വിലാസവും | |
| 7. | ആദ്യമായി നാടകം അവതരിപ്പിച്ച സ്ഥലവും തീയതിയും/ ഗ്രന്ഥത്തിന്റെ പ്രസാധന തീയതിയും വിലയും. | |
| 8. | നാടകസംഘം രജിസ്റ്റർ ചെയ്ത തീയതിയും രജിസ്ട്രേഷൻ നമ്പരും. | |
| 9. | പ്രൊഫഷണൽ വേദിയിൽ അവതരിപ്പിക്കാൻ നാടകകൃത്ത് നൽകിയ സമ്മതപത്രത്തിന്റെ വിശദവിവരം. | |
| 10. | ഗായകൻ, ഗായിക, സംഗീതസംവിധായകൻ ( ഗാനം, പശ്ചാത്തലം) ഗാനരചയിതാവ്, രംഗപടസംവിധായകൻ, ദീപവിതാന സംവിധായകൻ എന്നിവരുടെ പേരും വിലാസവും (ആവശ്യമുള്ള പക്ഷം ഇതിലേക്ക് പ്രത്യേകം വെള്ളക്കടലാസ് ഉപയോഗിക്കാവുന്നതാണ്.) | |
| 11. | ഗ്രന്ഥത്തിലെ പേജുകളുടെ എണ്ണം | |

### സാക്ഷ്യപത്രം

എന്റെ അറിവും വിശ്വാസവും അനുസരിച്ച് മുകളിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ സത്യമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എനിക്ക് യാതൊരു പ്രതിഫലവും നൽകാതെ ഈ നാടകം ഒരു നാടകോത്സവമായി, ടിക്കറ്റ് മുഖേന പൊതുജനങ്ങൾക്കായി പ്രവേശനം നൽകിക്കൊണ്ട് നടത്തുവാൻ കേരള സംഗീത നാടക അക്കാദമിക്കുള്ള അവകാശത്തെ ഞാൻ ഇതിനാൽ പൂർണ്ണമായി അംഗീകരിക്കുന്നു.

അപേക്ഷകന്റെ ഒപ്പ് :

പേര് :

മേൽവിലാസം :

സ്ഥലം :

തിയതി :

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി 2011 മാർച്ച് 15